പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3092 10.05.2017- ൽ മറുപടിയ്ക്ക്

**ക്യാൻസർ ബാധിതരായ കുട്ടികൾക്ക് വേണ്ടിയുള്ള സുരക്ഷാ പദ്ധതി**

ചോദ്യം

**ശ്രീ.എ.പ്രദീപ് കുമാർ**
**ശ്രീ.കെ.വി.വിജയദാസ്**
**ശ്രീമതി വീണാ ജോർജ്ജ്**
**ശ്രീ.യു.ആർ.പ്രദീപ്**

മറുപടി

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
**(ബഹു.ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി.)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ക്യാൻസർ ബാധിതരായ കുട്ടികൾക്ക് വേണ്ടിയുള്ള സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എന്തെല്ലാം പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്തെ കുടുംബവാർഷിക വരുമാനം കുറഞ്ഞ കുടുംബങ്ങളിലെ ക്യാൻസർ ബാധിതരായ 18 വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ അനുവദിക്കുകയെന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. മരുന്ന്, സർജറി, മറ്റു ചികിത്സകൾ എന്നിവയ്ക്കാവശ്യമായ ചെലവുകൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നൽകുന്നു. |

| | | | |
|---|---|---|---|
| (സി) | ഈ പദ്ധതി പ്രകാരം എത്ര രൂപയാണ് ധനസഹായമായി ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രിയിൽ ടി പദ്ധതിയിൻ കീഴിൽ രജിസ്റ്റർ ചെയ്യുന്ന കുട്ടികൾക്ക് പൂർണ്ണ സൗജന്യ ചികിത്സ നൽകി വരുന്നു. നിലവിൽ ടി പദ്ധതിയിലൂടെ ചികിത്സാ ചെലവിന് പരിധി ഏർപ്പെടുത്തിയിട്ടില്ല. |
| (ഡി) | 2017-18-ൽ ഈ പദ്ധതിക്കായി എത്ര രൂപ വകയിരുത്തിയിട്ടുണ്ടെന്നും ഈ പദ്ധതി കൂടുതൽ വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും വ്യക്തമാക്കാമോ? | (ഡി) | 2017-18-ൽ ഈ പദ്ധതിയുടെ നടത്തിപ്പിനായി 2,50,00,000/-രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി നിലവിൽ ചുവടെപ്പറയുന്ന 12 ആശുപത്രികളിലൂടെ നടപ്പിലാക്കി വരികയാണ്.<br>1. റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം.<br>2. ഗവ.മെഡിക്കൽകോളേജ് ആശുപത്രി, തിരുവനന്തപുരം.<br>3. ഗവ.മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട്.<br>4. ഐ.എം.സി.എച്ച്. കോഴിക്കോട്.<br>5. മലബാർ ക്യാൻസർ സെന്റർ, കണ്ണൂർ.<br>6. ഗവ.മെഡിക്കൽ കോളേജ് ആശുപത്രി, ആലപ്പുഴ. |

| | | | |
|---|---|---|---|
| | | | 7. ഗവ,മെഡിക്കൽ കോളേജ് ആശുപത്രി, കോട്ടയം.<br>8. ഐ.സി.എച്ച്.കോട്ടയം.<br>9. കോപ്പറേറ്റീവ് മെഡിക്കൽ കോളേജ്, പരിയാരം, കണ്ണൂർ.<br>10. ഗവ.ജനറൽ ആശുപത്രി, എറണാകുളം.<br>11. ഗവ.മെഡിക്കൽ കോളേജ് ചെസ്റ്റ് ആശുപത്രി, തൃശ്ശൂർ.<br>12. ഗവ.മെഡിക്കൽകോളേജ് ആശുപത്രി, എറണാകുളം. |

**സെക്ഷൻ ഓഫീസർ.**